# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 561 08.08.2017- ൽ മറുപടിക്ക്**

### സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ; | (എ) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 2 ജോടി വീതം യൂണിഫോം 2017 അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്തു. കൂടാതെ 2017 അദ്ധ്യയന വർഷം അധികമായി പ്രവേശനം നേടിയ കുട്ടികൾക്ക് 19,278 മീറ്റർ തുണിയുടെ ആവശ്യമുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അളവ് തുണി നൽകുന്നതിന് നടപടി സ്വീകരിച്ചു. 2018 അദ്ധ്യയന വർഷത്തേക്ക് 1 മുതൽ 7 വരെയുള്ള സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് 23 ലക്ഷം മീറ്റർ തുണി ഉൽപാദിപ്പിക്കുവാനുള്ള നടപടി ആരംഭിച്ചു. |
| (ബി) എത്ര സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുകയുണ്ടായി, വിശദമാക്കാമോ; | (ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 2017 അദ്ധ്യയനവർഷം, 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് രണ്ട് ജോടി കൈത്തറി വസ്ത്രം സൗജന്യ യൂണിഫോമായി വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| (സി) | കൈത്തറി തൊഴിലാളികൾക്ക് ഈ പദ്ധതിമൂലം എത്ര ദിവസത്തെ തൊഴിൽ ലഭിച്ചുവെന്നും കൂലി നിരക്കിൽ എന്തെല്ലാം മെച്ചങ്ങൾ ഉണ്ടായെന്നും വിശദീകരിക്കുമോ; | (സി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം, 2016-17 വർഷം കൈത്തറി തൊഴിലാളികൾക്ക് 100 ദിവസത്തിലധികം തൊഴിൽ ലഭിച്ചു. യൂണിഫോം പദ്ധതിക്ക വേണ്ടി തുണി നെയ്ത്ത നെയ്ത്തുകാർക്ക് സാധാരണ നെയ്യുന്ന തുണികൾക്ക് ലഭിക്കുന്ന കൂലിയെക്കാളും മെച്ചപ്പെട്ട നിരക്കിൽ വേതനം ഒരു മീറ്റർ തുണിക്ക് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 2,62,500 മനുഷ്യാദ്ധ്വാനം കൂടുതലായി ഉണ്ടാക്കുവാനും ബോണസ്സ്, പി.എഫ്, സി.ടി.എഫ് തുടങ്ങിയ ആനുകൂല്യങ്ങളിൽ 40%തോളം ക്രമാനുഗതമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 10.50 ലക്ഷം മീറ്റർ കൈത്തറി തുണിക്ക് നെയ്ത്ത കൂലിയായി 8.50 കോടി രൂപ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ അദ്ധ്യയന വർഷം സൗജന്യ യൂണിഫോം വിതരണം ചെയ്തിരുന്നോ; വിശദമാക്കുമോ? | (ഡി) | 2017 അദ്ധ്യയനവർഷം സംസ്ഥാനത്തെ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 9.36 ലക്ഷം മീറ്റർ കൈത്തറി തുണി സൗജന്യ സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്യുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**